"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ഉന്നത വിദ്യാഭ്യാസം - കുറിച്ചി സർക്കാർ ടെക്‌നിക്കൽ ഹൈസ്‌ക്കൂളിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കണ്ടിജൻസി ചാർജ്ജ് അനുവദിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ.(സാധാ) നം.856/2025/HEDN   തീയതി,തിരുവനന്തപുരം, 03-07-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം.59/2025/ഉ.വി.വ തീയതി, 10.01.2025.
2. സ.ഉ.(പി) നം. 592/2025/RD തീയതി, 10.03.2025.
3. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 22.05.2025 - ലെ D4/3293/15/DTE നമ്പർ കത്ത്.

## ഉത്തരവ്

കോട്ടയം ജില്ലയിൽ, കുറിച്ചി വില്ലേജിൽ ഉൾപ്പെട്ട ചങ്ങനാശ്ശേരി കോട്ടയം, റോഡിൽ മന്ദിരം കവലയ്ക്കു സമീപത്തായി കണ്ടെത്തിയ ബ്ലോക്ക് 01, 283/1, 283/1-1 റീസർവ്വേ നമ്പറുകളിൽപെട്ട ശ്രീ. മനോജ് മാത്യു, ശ്രീ ഷാജി മാത്യു എന്നിവരുടെ പേരുകളിലുള്ള 1.098 ഹെക്ടർ വിസ്തീർണ്ണമുള്ള സ്ഥലവും കെട്ടിടങ്ങളും കുറിച്ചി, സർക്കാർ ടെക്‌നിക്കൽ ഹൈസ്കൂളിനായി ഏറ്റെടുക്കുന്നതിന് 4202-02-103-99 (P) എന്ന ശീർഷകത്തിൽ നിന്നും 6,58,58,000/- രൂപയ്ക്കു പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഭരണാനുമതിയും പരാമർശം (2) ലെ ഉത്തരവ് പ്രകാരം ഭൂമിയും കെട്ടിടങ്ങളും ഏറ്റെടുക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവായിരുന്നു.

2) കുറിച്ചി, സർക്കാർ ടെക്‌നിക്കൽ ഹൈസ്‌കൂൾ നിർമ്മാണവുമായി ബന്ധപ്പെട്ടു ഭൂമി ഏറ്റെടുക്കുന്നതിന് റിക്വസിഷൻ പ്രകാരമുള്ള 0.968 ഹെക്ടർ വസ്തുവിന്റെ എസ്റ്റിമേറ്റ് തുക കണക്കാക്കി 5% കണ്ടിജൻസി ഫണ്ടായ 29,49,701/- രൂപ കോട്ടയം എൽ എ (ജനറൽ) സ്പെഷ്യൽ തഹസീൽദാറുടെ പേരിൽ ഒടുക്കുന്നതിന് വേണ്ടി "2203-00-103-99-34-OC(3)-OI-PLAN Development of All Government Technical High Schools" എന്ന ശീർഷകത്തിൽ വകയിരുത്തി പ്രസ്തുത തുക അനുവദിച്ച് നൽകുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം അപേക്ഷിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുറിച്ചി സർക്കാർ ടെക്‌നിക്കൽ ഹൈസ്‌ക്കുളിനായി കോട്ടയം ജില്ലയിൽ, കുറിച്ചി വില്ലേജിൽ ഉൾപ്പെട്ട ചങ്ങനാശ്ശേരി കോട്ടയം, റോഡിൽ മന്ദിരം കവലയ്ക്കു സമീപത്തായി കണ്ടെത്തിയ ബ്ലോക്ക് 01, 283/1, 283/1-1 റീസർവ്വേ നമ്പറിലുള്ള 0.968 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് ടി വസ്തുവിന്റെ എസ്റ്റിമേറ്റ് തുക 5% ആയി കണക്കാക്കി 29,49,701/- (ഇരുപത്തിയൊമ്പത് ലക്ഷത്തി

നാൽപ്പത്തിയൊമ്പതിനായിരത്തി എഴുന്നൂറ്റി ഒന്ന് രൂപ മാത്രം) രൂപ കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ അനുവദിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. കണ്ടിൻജൻസി ചാർജ്ജ് തുക 8443-00-117-99 എന്ന ഡിപ്പോസിറ്റ് ശീർഷകത്തിൽ നിക്ഷേപിച്ച് വിനിയോഗിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സി അജയൻ

അഡിഷണൽ സെക്രട്ടറി

ജില്ലാ കളക്ടർ, കോട്ടയം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

സൂപ്രണ്ട്, സർക്കാർ ടെക്നിക്കൽ ഹൈസ്ക്കൂൾ, കുറിച്ചി.

പ്രിൻസിപ്പൾ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (30.06.2025 - ലെ 3171184/EDN - C2/143/2025/Fin പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി.

✓www.highereducation.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ജെ2/116/2025/ഉ.വി.വ.)

ഉത്തരവിൻ പ്രകാരം

Signed by

Shinos S

Date: 04-07-2025 10:36:39

സെക്ഷൻ ഓഫീസർ